**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

# <u>വിജ്ഞാപനം</u>

## <u>കീം - 2024</u>

## <u>എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനുള്ള ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമാണ്.</u>

**22.08.2024** ലെ വിജ്ഞാപനത്തോടനുബന്ധിച്ചു താഴെ പറയുന്ന വിവരങ്ങൾ കൂടി വിജ്ഞാപനം ചെയ്യുന്നു.

**എഞ്ചിനീയറിംഗ്/ഫാർമസി** കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഒന്നാംഘട്ടത്തിൽ സമർപ്പിച്ച ഓപ്ഷനുകൾ മൂന്നാംഘട്ടത്തിൽ പരിഗണിക്കുന്നതല്ല. ഒന്നാംഘട്ട അലോട്ട്മെന്റിനായി നൽകിയിരുന്ന ഓപ്ഷനുകൾ എല്ലാം റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിന് പരിഗണിക്കപ്പെടണമെന്നുള്ളവർ പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒന്ന്, രണ്ട് ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിച്ചവർക്കും ലഭിക്കാത്തവർക്കും ഇതുവരെ അലോട്ട്മെന്റ് നടപടികളിൽ പങ്കെടുക്കാത്തവർക്കും പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്ത് മൂന്നാംഘട്ട അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ബാധകമാണ്.

| |
|---|
| **മുൻ വർഷങ്ങളിലേതു പോലെ ഓപ്ഷൻ കൺഫർമേഷൻ മാത്രം നടത്തിയാൽ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.** |

**ആർക്കിടെക്ചർ** കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് നടപടികളാണ് ഇപ്പോൾ നടക്കുന്നത്. ആർക്കിടെക്ചർ കോഴ്സിന്റെ രണ്ടാംഘട്ട അലോട്ട്മെന്റ് ആയതിനാൽ അവരുടെ ഹയർ ഓപ്ഷനുകൾ നിലനിർത്തിയിട്ടുണ്ട്. എന്നാൽ ഈ ഓപ്ഷനുകൾ ഈ ഘട്ടത്തിൽ

പരിഗണിക്കണമെങ്കിൽ വിദ്യാർത്ഥികൾ ആവശ്യമായ കോളേജുകൾ നിർബന്ധമായും സെലക്ട് ചെയ്ത് ഓപ്ഷൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഇവർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ബാധകമല്ല.

ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനായി വിദ്യാർത്ഥികൾ അവരുടെ **Candidate Portal**ൽ **Application Number** ഉം **Password** ഉം നൽകി ലോഗിൻ ചെയ്യേണ്ടതാണ്. ലോഗിൻ പേജിൽ കാണുന്ന '**Option Registration**' എന്ന മെനുവിൽ ക്ലിക്ക് ചെയ്യുമ്പോൾ **Fee Payment Page** ലഭ്യമാകും. ബാധകമായ രജിസ്ട്രേഷൻ ഫീസ് വിവരങ്ങൾ ഈ പേജിൽ നൽകിയിട്ടുണ്ട്. ആർക്കിടെക്ചർ മാത്രം ഓപ്ഷൻ നൽകുന്നവർക്ക് ഫീസ് അടയ്ക്കേണ്ടതില്ല. അവർക്ക് '**Proceed**' ബട്ടൺ ക്ലിക്ക് ചെയ്ത് കൺഫർമേഷൻ പേജിൽ പ്രവേശിക്കാവുന്നതാണ്.

എഞ്ചിനീയറിംഗ്/ഫാർമസി/എം.ബി.ബി.എസ് ബി.ഡി.എസ് കോഴ്സുകളിൽ ഓപ്ഷൻ നൽകുന്നവർ ആവശ്യമായ ഫീസ് ഒടുക്കി കൺഫർമേഷൻ പേജിൽ പ്രവേശിച്ച് രജിസ്ട്രേഷന് പങ്കെടുക്കാവുന്നതാണ്. ഓപ്ഷൻ കൺഫർമേഷൻ പേജിൽ നൽകിയിരിക്കുന്ന "**CONFIRM**" ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന ഓപ്ഷൻ രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓപ്ഷൻ രജിസ്ട്രേഷൻ പേജിലെ ഇടതു പാനലിൽ നൽകിയിട്ടുള്ള കോളേജ്/കോഴ്സ് സെലക്ട് ചെയ്യേണ്ടതും ഓപ്ഷൻ രജിസ്ട്രേഷൻ പേജിന്റെ വലതു പാനലിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കോളേജ്/കോഴ്സ് മുൻഗണനാ ക്രമം അനുസരിച്ച് ക്രമീകരിക്കേണ്ടതുമാണ്. ക്രമീകരണം പൂർത്തിയായാൽ '**SAVE**' ബട്ടൺ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ സേവ് ചെയ്യേണ്ടതാണ്. തുടർന്ന് **option list** ന്റെ പ്രിന്റ് എടുക്കുകയോ, സോഫ്റ്റ് കോപ്പി സൂക്ഷിക്കുകയോ ചെയ്യേണ്ടതും ആഗ്രഹിച്ച മുൻഗണനാ ക്രമം അനുസരിച്ചാണ് ഓപ്ഷൻ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഈ ഘട്ടത്തിൽ നൽകിയ ഓപ്ഷനുകൾ അനുസരിച്ച് അലോട്ട്മെന്റ് ലഭിക്കുന്നവരുടെ നിലവിലുള്ള അലോട്ട്മെന്റ് (എഞ്ചിനീയറിംഗ്/ ഫാർമസി രണ്ടാംഘട്ടത്തിലെ അലോട്ട്മെന്റും, ആർക്കിടെക്ചറിന്റെ ഒന്നാംഘട്ടത്തിലെ അലോട്ട്മെന്റും) റദ്ദാകുന്നതാണ്.

നിലവിൽ എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ പ്രവേശനത്തിലിരിക്കുന്ന വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/ ബി.ഡി.എസ് അലോട്ട്മെന്റ് ലഭിച്ചാൽ അവരുടെ എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ്. പുതിയ അലോട്ട്മെന്റ് ലഭിച്ച കോളേജ്/കോഴ്സിൽ വിദ്യാർത്ഥി പ്രവേശനം നേടേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 24-08-2024 20:55:54

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**24-08-2024**